**കേരള സർക്കാർ**

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസ്—സമാന തസ്തികകളിലേക്കുള്ള തസ്തികമാറ്റം—പ്രൊബേഷൻ പൂർത്തിയാക്കുന്നത് നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ. (കൈ) നം. 1/2018/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി: 27/01/2018

---

പരാമർശം:— 1) 08/03/1966-ലെ സ.ഉ. (പി) 82/66/പി.ഡി. നമ്പർ ഉത്തരവ്.
2) ലാസ്റ്റ് ഗ്രേഡ് റാങ്ക് ഹോൾഡേഴ്സ് അസ്സോസിയേഷൻ, തിരുവനന്തപുരം സമർപ്പിച്ച 29/05/2017-ലെ നിവേദനം.
3) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 05/12/2017-ലെ AV(1)9592/14/GW. നമ്പർ കത്ത്.

**ഉത്തരവ്**

കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിന്റെ ചട്ടം 2-ന് താഴെയുള്ള പ്രൊവിസോ പ്രകാരം പൊതുവായ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കപ്പെടുന്ന സമാന തസ്തികയിലുള്ള ജീവനക്കാർക്ക് അവരുടെ അപേക്ഷ പ്രകാരം തസ്തികമാറ്റത്തിലൂടെ നിയമനം ലഭിക്കുന്ന തസ്തികയിൽ ജൂനിയറാവും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി സമാന തസ്തികകളിൽ തസ്തികമാറ്റം അനുവദിക്കാവുന്നതാണ്. പ്രസ്തുത ചട്ടത്തിലെ ചട്ടം 5 (b)-യ്ക്ക് താഴെയുള്ള കുറിപ്പ് പ്രകാരം വനിതാ ഉദ്യോഗാർത്ഥികളെ നൈറ്റ് വാച്ച്മാൻ തസ്തികയിലെ നിയമനത്തിന് പരിഗണിക്കാനാവില്ല. ഈ വ്യവസ്ഥ ദുരുപയോഗപ്പെടുത്തിക്കൊണ്ട് പല വകുപ്പുകളിലും നൈറ്റ് വാച്ച്മാൻ തസ്തികയിൽ നിയമനം ലഭിക്കുന്ന പുരുഷ ഉദ്യോഗാർത്ഥികളെ വകുപ്പിൽ ഒഴിവുവരുന്ന ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം നൽകി നിയമിക്കുകയും, തത്ഫലമായി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യാൻ ഒഴിവുകൾ ലഭ്യമാകാതെ വരുന്നതായും, ഒഴിവുകളെല്ലാം നൈറ്റ് വാച്ച്മാൻ തസ്തികയിൽ നിന്നുമാത്രം റിപ്പോർട്ട് ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുള്ളതായും, ആയത് വനിതാ ഉദ്യോഗാർത്ഥികളുടെ നിയമനത്തെ വിപരീതമായി ബാധിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2 മേൽ വിവരിച്ച സാഹചര്യത്തിൽ, ഒരു വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനം ലഭിക്കുന്നവർക്ക് സമാന തസ്തികകളിലേക്കുള്ള തസ്തികമാറ്റ നിയമനങ്ങൾക്ക് ജോലിയിൽ പ്രവേശിച്ച

തസ്തികയിലെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതിനുശേഷം മാത്രമേ അർഹതയുണ്ടായിരിക്കു എന്ന് ഉത്തരവാകുന്നു.

3. ഈ ഉത്തരവിന് മുൻകാല പ്രാബല്യമുണ്ടായിരിക്കുന്നതല്ല. കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതിവരുത്തി പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ,
പ്രിൻസിപ്പൽ സെക്രട്ടറി.

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് (പ്രചാരണത്തിന്).
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി) വകുപ്പുകൾ.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

**മേലെഴുത്ത് നം.സി 3/30032/2017/കോ.വി.വ തീയതി. 14/08/2018**

സർക്കാർ കത്തിന്റെ പകർപ്പ് എല്ലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടേയും പ്രിൻസിപ്പാൾമാരുടേയും വാർഡൻമാരുടേയും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

(ഒപ്പ്)
റ്റി.രമേഷ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

//അംഗീകാരത്തോടെ//

MR സൂപ്രണ്ട്